പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 4243 | 16.12.2014-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനം

**ചോദ്യം**
ശ്രീ.രാജു എബ്രഹാം

**മറുപടി**
കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ; | എ) | ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതി, മോഡൽ കോളനി, അഡീഷണൽ ട്രൈബൽ സബ്പ്ലാൻ എന്നീ പദ്ധതികൾ പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി നടപ്പാക്കി വരുന്നു. |
| ബി) | റാന്നി നിയമസഭാ മണ്ഡലത്തിൽ ഈ പദ്ധതി നടപ്പാക്കുന്നത് ഏതൊക്കെ കോളനികളിലാണ്; എന്തു തുകയാണ് പ്രസ്തുത പദ്ധതിക്കായി വകയിരുതിയിട്ടുള്ളത് ; ഏത് ഏജൻസി മുഖേനയാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നത്; എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നത്; ഓരോ പദ്ധതിയുടെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ? | ബി) | 2013-14 സാമ്പത്തിക വർഷം ഒരു കോടി രൂപ ചെലവഴിച്ച് ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതിക്കായി പത്തനംതിട്ട ജില്ലയിലെ നാറാണാംമൂഴി എന്ന പട്ടികവർഗ്ഗ സങ്കേതം തെരഞ്ഞെടുക്കുകയും ഹൗസിംഗ് ബോർഡ് വഴി ടി പദ്ധതി നടപ്പാക്കി വരികയും ചെയ്യുന്നു. പദ്ധതി നടപ്പാക്കൽ അന്തിമഘട്ടത്തിലാണ്. 2014-15 സാമ്പത്തിക വർഷം കോഴിപ്രം ഗ്രാമപഞ്ചായത്തിലെ തെറ്റ്പാറ കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്. ഒരു കോടി രൂപ ചെലവഴിച്ച് ടി പദ്ധതി നടപ്പാക്കുന്നതിന് എഫ്.ഐ.ടി ആലുവയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പാക്കൽ പ്രാരംഭഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനം, ജീവിത നിലവാരം ഉയർത്തി ആരോഗ്യ മേഖല മെച്ചപ്പെടുത്തൽ എന്നിവ ടി പദ്ധതിയിൽപ്പെടുന്നു.<br>റാന്നി നിയോജക മണ്ഡലത്തിൽ അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതി നടപ്പാക്കിയിട്ടില്ല. |

Hariprya

സെക്ഷൻ ഓഫീസർ